# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

കൂട്ടിച്ചേർക്കൽ വിജ്ഞാപനം

നമ്പർ.DR6-1/7/2019-KPSC-Part(4) തിരുവനന്തപുരം, 2024 നവംബർ 29

10.06.2024 തീയതിയിലെ G.O.(Ms)No.59/2024/GEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭാഷാദ്ധ്യാപക തസ്തികകളുടെ (എൽ.പി/യു.പി) അക്കാഡമിക്, ട്രെയിനിംഗ് യോഗ്യതകൾ പരിഷ്കരിച്ചതിനാൽ, ചുവടെ പരാമർശിച്ചിരിക്കുന്ന കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ, ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക് - യു.പി.എസ്) തസ്തികകൾക്കായി നിലവിലെ ഗസറ്റ് വിജ്ഞാപനപ്രകാരം അപേക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ 07.03.2019 നോ അതിനു മുൻപോ ആർജ്ജിച്ചതോ 07.03.2019 നോ അതിനു മുൻപോ പ്രസ്തുത യോഗ്യതാ കോഴ്സുകൾക്ക് പ്രവേശനം നേടിയവരോ ആയിരിക്കണം. 08.03.2019 മുതൽ 09.06.2024 വരെയുള്ള കാലയളവിൽ ടി കോഴ്സുകൾക്ക് പ്രവേശനം നേടിയ ഉദ്യോഗാർത്ഥികൾ ഡി.എൽ.എഡ് അറബിക് യോഗ്യത കൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയിൽ ആർജ്ജിച്ചിട്ടുണ്ടെങ്കിൽ മാത്രമേ ടി തസ്തികയുടെ തെരഞ്ഞെടുപ്പിന് പരിഗണിക്കുകയുള്ളൂ.

| ക്രമ നം. | കാറ്റഗറി നം. | തസ്തികയുടെ പേര് & വകുപ്പ് | ഗസറ്റ് തീയതി | ജില്ലയുടെ പേര് | വിഭാഗം |
|---|---|---|---|---|---|
| 1 | 166/24 | ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (എൻ.സി.എ) - വിദ്യാഭ്യാസം | 15.06.24 | തിരുവനന്തപുരം | രണ്ടാം എൻ.സി.എ-പട്ടിക ജാതി |
| | | | | പാലക്കാട് | മൂന്നാം എൻ.സി.എ-പട്ടിക ജാതി |
| | | | | കണ്ണൂർ | മൂന്നാം എൻ.സി.എ-പട്ടിക ജാതി |
| | | | | കോഴിക്കോട് | മൂന്നാം എൻ.സി.എ-പട്ടിക ജാതി |
| | | | | മലപ്പുറം | മൂന്നാം എൻ.സി.എ-പട്ടിക ജാതി |
| 2 | 167/24 | ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (മൂന്നാം എൻ.സി.എ-പട്ടിക വർഗ്ഗം) - വിദ്യാഭ്യാസം | 15.06.24 | മലപ്പുറം | പട്ടിക വർഗ്ഗം |
| | | | | കോഴിക്കോട് | പട്ടിക വർഗ്ഗം |
| 3 | 168/24 | ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (നാലാം എൻ.സി.എ- പട്ടിക വർഗ്ഗം) - വിദ്യാഭ്യാസം | 15.06.24 | പാലക്കാട് | പട്ടിക വർഗ്ഗം |
| | | | | കാസറഗോഡ് | പട്ടിക വർഗ്ഗം |
| 4 | 169/24 | ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (ഒന്നാം എൻ.സി.എ) വിദ്യാഭ്യാസം | 15.06.24 | മലപ്പുറം | ഹിന്ദു നാടാർ |
| 5 | 170/24 | | | മലപ്പുറം | ലാറ്റിൻ കാത്തലിക് / ആംഗ്ലോ ഇൻഡ്യൻ |
| 6 | 171/24 | | | മലപ്പുറം | ഈഴവ/തിയ്യ/ബില്ലവ |
| | | | | കോഴിക്കോട് | ഈഴവ/തിയ്യ/ബില്ലവ |
| 7 | 172/24 | | | കാസറഗോഡ് | വിശ്വകർമ്മ |

| | | | | | |
|---|---|---|---|---|---|
| 8 | 180/24 | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (എൻ.സി.എ) – വിദ്യാഭ്യാസം | 15.06.24 | എറണാകുളം | ആറാം എൻ.സി.എ–പട്ടിക ജാതി |
| | | | | തൃശ്ശൂർ | ഏഴാം എൻ.സി.എ–പട്ടിക ജാതി |
| | | | | കാസറഗോഡ് | എട്ടാം എൻ.സി.എ–പട്ടിക ജാതി |
| 9 | 186/24 | പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (രണ്ടാം എൻ.സി.എ) – വിദ്യാഭ്യാസം | 15.06.24 | കണ്ണൂർ | ഈഴവ/തിയ്യ/ബില്ലവ |
| 10 | 271/24 | ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ് (ഒന്നാം എൻ.സി.എ) – വിദ്യാഭ്യാസം | 30.07.24 | തിരുവനന്തപുരം | ഈഴവ/തിയ്യ/ബില്ലവ |

മേൽ തസ്തികകൾക്ക് പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനങ്ങളിലെ സീരിയൽ നമ്പർ 7 യോഗ്യതകളിൽ ഇനം 1–ന് മുൻപ് **ഇനം (A)** ആയി താഴെ പറയുന്ന യോഗ്യതകൾ കൂടി ചേർക്കുന്നു.

**(A) അറബിക് ഒരു ഐച്ഛിക വിഷയമായി അഥവാ രണ്ടാം ഭാഷയായി ഹയർ സെക്കണ്ടറി പരീക്ഷയിൽ നേടിയ വിജയം.**

**അല്ലെങ്കിൽ**

**അഫ് സൽ–അൽ–ഉലമ പ്രിലിമിനറി പരീക്ഷയിൽ നേടിയ വിജയം.**

**അല്ലെങ്കിൽ**

**അറബിക് ഐച്ഛിക വിഷയമായി പ്രീഡിഗ്രി പരീക്ഷയിൽ നേടിയ വിജയം.**

**അല്ലെങ്കിൽ**

**അറബിക് ഓറിയന്റൽ സ് കൂളിൽ നിന്നോ അക്കാദമിക് സ് കൂളിൽ നിന്നോ കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് ഒന്നാം ഭാഷയായുള്ള എസ്.എസ്.എൽ.സി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം ഹയർ സെക്കൻഡറി പരീക്ഷ വിജയിച്ചിരിക്കണം.**

**അല്ലെങ്കിൽ**

**ഹയർസെക്കൻഡറി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം കേരള സർക്കാർ പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് ടീച്ചേഴ്സ് പരീക്ഷ വിജയിച്ചിരിക്കണം.**

**അല്ലെങ്കിൽ**

**ഹയർ സെക്കൻഡറി പരീക്ഷയിൽ നേടിയ വിജയത്തോടൊപ്പം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക് ഭാഷയിലുള്ള ബിരുദം/ബിരുദാനന്തര ബിരുദം.**

**കൂടാതെ**

**കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന 2 വർഷത്തെ ഡിപ്ലോമ ഇൻ എലിമെന്ററി എഡ്യൂക്കേഷൻ (അറബിക്), ചുരുക്കത്തിൽ ഡി.എൽ.എഡ് (അറബിക്) പരീക്ഷയിൽ വിജയിച്ചിരിക്കണം.**

**അല്ലെങ്കിൽ**

**കേരളത്തിലെ സർവ്വകലാശാലകൾ നല്കിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബിക്കിലുള്ള ബിരുദത്തോടൊപ്പം അറബിക്കിൽ ബി.എഡും.**

**[കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കെ-ടെറ്റ് IV പാസ്സായിരിക്കണം].**

വിജ്ഞാപനങ്ങൾ മേൽപ്പറയും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു. മറ്റ് വ്യവസ്ഥകൾക്ക് മാറ്റമില്ല.

മേൽ ഭേദഗതിയുടെ അടിസ്ഥാനത്തിൽ മേൽ പട്ടികയിൽ വിവിധ കാറ്റഗറി നമ്പറുകളിലായി ചേർത്തിരിക്കുന്ന തസ്തികകളുടെ തെരഞ്ഞെടുപ്പിന് മുകളിൽ ചേർത്തിരിക്കുന്ന **7(A)** യിലുള്ള യോഗ്യതകൾ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് കൂടി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**<u>ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>**

1. മേൽ കാറ്റഗറി നമ്പറുകൾ പ്രകാരമുള്ള വിജ്ഞാപനങ്ങളിൽ നിഷ്കർഷിച്ചിരുന്ന യോഗ്യതകൾ നേടിയിരുന്നിട്ടും അവസാന തീയതിയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്ന ഉദ്യോഗാർത്ഥികൾ ഈ കൂട്ടിച്ചേർക്കൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷ അയയ്ക്കുവാൻ അർഹരല്ല.

2. മേൽ കൂട്ടിചേർക്കൽ വിജ്ഞാപനപ്രകാരം ഓരോ കാറ്റഗറി നമ്പർ പ്രകാരവും അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യതകൾ ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും അതാത് വിജ്ഞാപനങ്ങളിൽ നിഷ്കർഷിക്കപ്പെട്ടിട്ടുള്ള അപേക്ഷ അയയ്ക്കുന്നതിനുള്ള അവസാന തീയതിയിലോ അതിനു മുൻപോ നേടിയിരിക്കണം. 166/2024 - 172/2024, 180/2024, 186/2024 കാറ്റഗറി നമ്പർ പ്രകാരമുള്ള വിജ്ഞാപനങ്ങളിൽ 17.07.2024 തീയതിയും 271/2024 കാറ്റഗറി നമ്പർ പ്രകാരമുള്ള വിജ്ഞാപനത്തിന് 04.09.2024 തീയതിയുമാണ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത തീയതിക്ക് ശേഷം യോഗ്യത കരസ്ഥമാക്കിയവർ മേൽ കൂട്ടിച്ചേർക്കൽ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

3. ഒരിക്കൽ അപേക്ഷ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി 'ഒറ്റത്തവണ രജിസ്ട്രേഷൻ' വഴി 13.02.2025 തീയതി മുതൽ 27.02.2025 തീയതി രാത്രി 12.00 മണി വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

***സാജു ജോർജ്ജ്***

സെക്രട്ടറി

കേരള പബ്ലിക് സർവീസ് കമ്മീഷൻ

**KERALA PUBLIC SERVICE COMMISSION**
ADDENDUM NOTIFICATION

No. DR6-1/7/2019-KPSC-Part(4) Dated, Thiruvananthapuram, $29^{th}$ November 2024

As the qualifications (Academic & Training) for Language Teachers (LP/UP) were modified vide G.O(MS)No.59/2024/GEDN dated 10.06.2024, the following amendments are made and notified hereby that the qualifications prescribed in the notifications vide category numbers in the below mentioned table for the the posts of Full Time Junior Language Teacher & Part Time Junior Language Teacher (Arabic - UPS) are applicable for those candidates who have aquired the said qualifications or gained admission to the respective qualifying courses on or before 07.03.2019. The said qualifications are also applicable for those candidates who have gained admission to the respective qualifying courses from 08.03.2019 to 09.06.2024 subject to the condition that such candidates should possess D.El.Ed. in Arabic as on last date of receipt of applications for the post.

| Sl. No. | Cat. No. | Name of Post & Department | Gazette Date | Name of District | Community |
|---|---|---|---|---|---|
| 1 | 166/24 | Full Time Junior Language Teacher (Arabic) UPS (NCA) - Education | 15.06.24 | Thiruvananthapuram | $2^{nd}$ NCA-Scheduled Caste |
| | | | | Palakkad | $3^{rd}$ NCA-Scheduled Caste |
| | | | | Kannur | $3^{rd}$ NCA-Scheduled Caste |
| | | | | Kozhikode | $3^{rd}$ NCA-Scheduled Caste |
| | | | | Malappuram | $3^{rd}$ NCA-Scheduled Caste |
| 2 | 167/24 | Full Time Junior Language Teacher (Arabic) UPS ($3^{rd}$ NCA-ST) - Education | 15.06.24 | Malappuram | Scheduled Tribe |
| | | | | Kozhikode | Scheduled Tribe |
| 3 | 168/24 | Full Time Junior Language Teacher (Arabic) UPS ($4^{th}$ NCA-ST) -Education | 15.06.24 | Palakkad | Scheduled Tribe |
| | | | | Kasaragod | Scheduled Tribe |
| 4 | 169/24 | Full Time Junior Language Teacher (Arabic) UPS ($1^{st}$ NCA) - Education | 15.06.24 | Malappuram | Hindu Nadar |
| 5 | 170/24 | | | Malappuram | Latin Catholic/Anglo Indian |
| 6 | 171/24 | | | Malappuram | Ezhava/Thiyya/Billava |
| | | | | Kozhikode | Ezhava/Thiyya/Billava |
| 7 | 172/24 | | | Kasaragod | Viswakarma |
| 8 | 180/24 | Part Time Junior Language Teacher (Arabic) UPS (NCA) - Education | 15.06.24 | Ernakulam | $6^{th}$ NCA-Scheduled Caste |
| | | | | Thrissur | $7^{th}$ NCA-Scheduled Caste |
| | | | | Kasaragod | $8^{th}$ NCA-Scheduled Caste |

| | | | | | |
|---|---|---|---|---|---|
| 9 | 186/24 | Part Time Junior Language Teacher (Arabic) UPS (2nd NCA) - Education | 15.06.24 | Kannur | Ezhava/Thiyya/Billava |
| 10 | 271/24 | Full Time Junior Language Teacher (Arabic) UPS (1st NCA) - Education | 30.07.24 | Thiruvananthapuram | Ezhava/Thiyya/Billava |

The following qualifications are added as **Item (A)** before item 1 of Serial No.7 Qualifications in the notifications mentioned above.

**(A) A pass in Higher Secondary Examination with Arabic as an optional subject or as second language.**

**or**

**A pass in Afzal-Al-Ulama Preliminary examination.**

**or**

**A pass in the Pre Degree examination with Arabic as an optional subject.**

**or**

**A pass in the SSLC examination from Arabic Oriental School or from academic school with Arabic as First Language conducted by the Commissioner for Government Examinations, Kerala and a pass in Higher Secondary examination.**

**or**

**A pass in Higher Secondary examination and a pass in Arabic Teachers Examination conducted by the Commissioner for Government Examinations, Kerala.**

**or**

**A pass in Higher Secondary Examination and Degree/Post Graduate Degree in Arabic language conferred or recognized by the Universities in Kerala.**

**and**

**A pass in the 2 year Diploma in Elementary Education (Arabic), in short D.El.Ed (Arabic), examination conducted by the Commissioner for Government Examinations, Kerala.**

**or**

**A Degree in Arabic and B.Ed in Arabic conferred or recognized by the Universities in Kerala"**

**[Must have passed KTET IV for this post conducted by the Government of Kerala].**

The notifications stand modified to the above extent. All other conditions remain unchanged.

On the basis of this addendum notification, it is hereby notified that the applications are invited from qualified candidates who possess the above qualifications in 7(A) for selection to the posts notified vide the above mentioned categories.

<u>**Instructions to Candidates:-**</u>

1. Candidates who possess the qualifications already notified for the posts vide the above Category Numbers, but had not submitted applications within the last date of receipt of applications as per the said notifications, are not eligible to apply as per this addendum notification.

2. Candidates who submit applications in response to this addendum notification shall possess all the qualifications including educational qualifications on or before 17.07.2024 for the Category Numbers 166/2024 – 172/2024, 180/2024, 186/2024 & on or before 04.09.2024 for Category Number 271/2024, i.e., the last date of receipt of applications specified in the respective notifications. Candidates who have qualified after the said date are not eligible to apply as per this addendum notification.

3. Those who have already applied need not apply again.

Candidates can submit online application through One Time Registration from 13.02.2025 to 27.02.2025 upto 12.00 midnight.

(By Order of the Commission)

SAJU GEORGE
SECRETARY
KERALA PUBLIC SERVICE COMMISSION